ഭാഗത്തു് ഇപ്പോൾ കാണുന്ന അരയാൽമരത്തിന്റെ നാലാംതലമുറയിലെ പിതാമഹന്റെ കീഴിൽ 'വജ്രാസനം' എന്നു് അറിയപ്പെടുന്ന കരിങ്കൽത്തറയിൽ പദ്മാസനത്തിൽ ഇരുന്നാണത്രെ ബുദ്ധൻ നാലു് ആര്യസത്യങ്ങളും അവയിലേക്ക നയിക്കുന്ന എട്ടു് അംഗങ്ങൾ അടങ്ങുന്ന ആര്യമാർഗവും സമാധിയിൽ സന്ദർശിച്ചതു്. ഈ അരയാലിന്റെ (ബോധിവൃക്ഷത്തിന്റെ) ഒരില ഞാൻ എടുത്തുകൊണ്ടുവന്നു് നിധിപോലെ സൂക്ഷിച്ചിട്ടുണ്ടു്. ഉണങ്ങിയെങ്കിലും കേടുകൂടാതെ ഇരിക്കുന്ന ഈ ഇലയിൽ ഇന്നു രാവിലെ നോക്കിയപ്പോൾ എന്തുകൊണ്ടോ ഉള്ളിൽ തെളിഞ്ഞുവന്നതു് വയോവൃദ്ധനായ ഗംഗാശരൺ സിൻഹയുടെ മുഖമാണു്!

ഗംഗാബാബു, വിട!

(22 ആഗസ്റ്റ്, 1988)

# 66. കേളപ്പജിക്കു് നൂറു വയസ്സു്

ഗാന്ധിജിയുടെ വിമോചകങ്ങളായ ആശയങ്ങൾ സൗന്ദര്യത്തിന്റെയും വികാരതീവ്രതയുടെയും ഭാഷയിൽ കേരളീയർക്കു് വ്യാഖ്യാനിച്ചുതന്നതു് മഹാകവി വള്ളത്തോളാണെങ്കിൽ, ഗാന്ധിജിയുടെ വിപ്ലവകരങ്ങളായ കർമപരിപാടികൾ ആവേശത്തിന്റെയും സംഘടിത ജനകീയശക്തിയുടെയും രൂപത്തിൽ കേരളത്തിൽ നടപ്പിൽ വരുത്തി കാണിച്ചുതന്നതു് കേളപ്പജിയായിരുന്നു. ഗാന്ധിജി നിർദേശിച്ച മാർഗത്തിലൂടെ സഞ്ചരിക്കുന്നതുകൊണ്ടുമാത്രം കേളപ്പജി സംതൃപ്തനായിരുന്നില്ല. അദ്ദേഹം ഗാന്ധിജിയെ തന്റെ ഹൃദയത്തിലേക്കു് ആവാഹിച്ചു; ഗാന്ധിജിയുടെ ചിന്തകളും വികാരങ്ങളും സ്വന്തം ചിന്തകളിലും വികാരങ്ങളിലും അലിയിച്ചുചേർത്തു; തന്റെ ജീവിതത്തെ ഗാന്ധിജിയുടെ ജീവിതത്തിന്റെ മാതൃകയിൽ വീണ്ടും വാർത്തെടുത്തു. കേരളീയർ അദ്ദേഹത്തെ 'കേരളഗാന്ധി'യെന്നു വിളിച്ചതു് വെറും ആരാധനാമനോഭാവംകൊണ്ടു മാത്രമായിരുന്നില്ല. കേരളത്തിൽ, ഗാന്ധിജിയോടു് ഏറ്റവുമടുത്തെത്താൻ കഴിഞ്ഞ വ്യക്തി കേളപ്പജിയായിരുന്നു.

ഗാന്ധിജിയുടേതുപോലെ കേളപ്പജിയുടെയും വ്യക്തിത്വം, ബാഹ്യദൃഷ്ടിയിൽ പരുക്കനും വൈരുദ്ധ്യങ്ങൾ നിറഞ്ഞതുമായിരുന്നു. എന്നാൽ, ഗാന്ധിജിക്കെന്നതുപോലെ കേളപ്പനും ഉണ്ടായിരുന്നതു് ശുദ്ധമായ മാതൃവാത്സല്യം നിറഞ്ഞ ഒരു ഹൃദയമായിരുന്നു എന്നു്, ഈ രണ്ടു വ്യക്തികളോടും അടുത്തിടപഴകാൻ അവസരം കൈവന്നവർ രേഖപ്പെടുത്തിയിട്ടുണ്ടു്. ശാസ്ത്രീയമായ സത്യതൃഷ്ണ ഗാന്ധിജിയിലെന്നപോലെ കേളപ്പജിയിലും എന്നും ഉറവുവറ്റാതെ നിലനിന്നു. സത്യമെന്നു തനിക്കു് ബോദ്ധ്യമായതിനെ, മറ്റെന്തും ത്യജിച്ചും വിടാതെ പിന്തുടരുവാനുള്ള വാശിയും രണ്ടുപേർക്കും സാമാന്യത്തിലധികം ഉണ്ടായിരുന്നു. സത്യത്തിലുള്ള ഈ നിബ്ബന്ധം, സത്യാഗ്രഹം ആണു് രണ്ടുപേരുടെയും ജീവിതങ്ങളിൽ പ്രഥമദൃഷ്ട്യാ പ്രത്യക്ഷപ്പെടുന്ന വൈരുദ്ധ്യങ്ങൾക്കു് കാരണം.

ഗാന്ധിജിക്കെന്നപോലെ കേളപ്പജിക്കും സേവനം ജീവിതവ്രതവും ത്യാഗം ജീവിതോദ്ദേശ്യവുമായിരുന്നു. അതിനാൽ അധികാരം രണ്ടുപേരെയും ആകർഷിച്ചില്ല. മൂന്നു വർഷത്തോളം മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ പ്രസിഡണ്ടായിരുന്നതൊഴിച്ചാൽ, അധികാരപദവികളൊന്നും കേളപ്പജി വഹിക്കുകയുണ്ടായില്ല. സ്വാതന്ത്ര്യലാഭത്തിനുശേഷം ഇന്ത്യയുടെ ഭരണഭാരം കോൺഗ്രസ്സിന്റെ കൈകളിൽ എത്തിച്ചേർന്നപ്പോൾ, കേളപ്പജി കോൺഗ്രസ്

പാർട്ടി വിട്ട് കിസാൻ–മസ്ദൂർ–പ്രജാ പാർട്ടിയിലും സർവോദയ പ്രസ്ഥാനത്തിലും അഭയം തേടുകയാണുണ്ടായത് എന്ന വസ്തുത അർത്ഥഗർഭമാകുന്നു.

കേരളത്തിലെ, പ്രത്യേകിച്ചും ഈ സംസ്ഥാനത്തിന്റെ വടക്കെ പകുതിയിലെ, ഹരിജനങ്ങളെ ഉദ്ധരിക്കുന്നതിന് കേളപ്പജിയെപ്പോലെ ആത്മാർത്ഥമായും ദീർഘകാലവും പ്രവർത്തിച്ച മറ്റൊരാൾ ഇല്ലതന്നെ. ഗുരുവായൂർ ക്ഷേത്രനടയ്ക്കൽ കേളപ്പജി അനുഷ്ഠിച്ച ഉഗ്രതപസ്സാണ് ഹിന്ദുസമൂഹത്തിന്റെ കളങ്കമായിരുന്ന അയിത്തം ഉച്ചാടനം ചെയ്ത്, ക്ഷേത്രപ്രവേശനം എല്ലാ ഹിന്ദുക്കളുടെയും അവകാശമാക്കിത്തീർത്തത് എന്ന കാര്യത്തിലും സംശയമില്ല. പിതൃനിർവിശേഷമായ സ്നേഹത്തോടെ കേളപ്പജി വളർത്തിയ എത്രയോ ഹരിജനബാലന്മാർ പിന്നീട് സമൂഹത്തിന്റെ ഉന്നതസ്ഥാനങ്ങളിൽ ചെന്നെത്തുകയുണ്ടായി. കേളപ്പജിയുടെ ആവേശങ്ങളിൽ എന്നും ഒന്നാം സ്ഥാനത്തു നിന്നിരുന്നത് ഹരിജനപ്രേമമായിരുന്നു.

ഹിന്ദു–മുസ്ലിം മൈത്രിക്കുവേണ്ടി കേളപ്പജി ചെയ്തുവന്ന പ്രയത്നങ്ങൾ സുവിദിതങ്ങളാണ്. അതേസമയം, ആരാധനയ്ക്കുള്ള ഹിന്ദുക്കളുടെ അവകാശം തടയപ്പെടുന്നത് ചുമ്മാ നോക്കിനില്ക്കാനും അദ്ദേഹം തയ്യാറല്ലായിരുന്നു. ഗാന്ധിജിയെപ്പോലെ കേളപ്പജിയും എല്ലാ മതങ്ങളോടും സമാനമായ ആദരം പുലർത്തി. ജീവിതത്തെ ഉദാത്തമായ ഒരു യജ്ഞമായി ഇരുവരും വീക്ഷിച്ചു.

സമരരംഗത്ത് അജയ്യനായ ഒരു സേനാപതിയായിരുന്നു കേളപ്പജി. ഗാന്ധിയൻ സമരമുറ കേരളം പഠിച്ചത് കേളപ്പജിയുടെ ആചരണം നോക്കിയാണ്. അദ്ദേഹത്തിന്റെ ധീരമായ നേതൃത്വത്തെ പിന്തുടരുന്നതിൽ ദേശാഭിമാനികളായ കേരളീയർ അഭിമാനഭരിതരായി.

ഗാന്ധിജിയെപ്പോലെ കേളപ്പജിയും മഹാനായ ഒരധ്യാപകനായിരുന്നു. അധ്യാപകനായി അദ്ദേഹം ജീവിതം ആരംഭിച്ചു. ഗാന്ധിജി ആവിഷ്കരിച്ച വാർധ വിദ്യാഭ്യാസമാതൃക തികച്ചും അനുവർത്തിക്കുന്ന ഒരു ഗ്രാമീണ സർവകലാശാലയായി തവനൂർ റൂറൽ ഇൻസ്റ്റിറ്റ്യൂട്ടിനെ വളർത്തിയെടുക്കുവാനായിരുന്നു അവസാന വർഷങ്ങളിൽ കേളപ്പജിയുടെ അശ്രാന്ത പരിശ്രമം.

ഗാന്ധിജിയെ ഭാരതം തഴഞ്ഞുകളഞ്ഞതുപോലെ കേളപ്പജിയെ കേരളവും അവഗണിച്ചിരിക്കുകയാണെന്ന് നമുക്ക് തോന്നാം. രണ്ടുപേരുടെയും സ്വപ്നങ്ങൾ തല്ക്കാലത്തേക്കെങ്കിലും പരാജയപ്പെട്ടിരിക്കുകയാണെന്നതും ഒരു വസ്തുതയാവാം. എന്നാൽ, ഇത്തരം സ്വപ്നങ്ങളാണ് ഒരു രാഷ്ട്രത്തിന്റെ യഥാർത്ഥ സഞ്ചിതധനം എന്ന യാഥാർത്ഥ്യം നാം കാണാതിരുന്നുകൂടാ. ആ സ്വപ്നങ്ങൾ ഏറ്റുവാങ്ങാൻ നമ്മുടെ തലമുറ അർഹത നേടിയിട്ടില്ലെന്നേ കരുതേണ്ടതുള്ളൂ. സമയം വരുമ്പോൾ ആ സ്വപ്നങ്ങൾ വീണ്ടും ഉദ്ദീപ്തങ്ങളാവുകയും, ധീരനൂതനപ്രയത്നങ്ങളിലേക്ക് അവ ഈ രാഷ്ട്രത്തെ നയിക്കുകയും ചെയ്യുമെന്ന ആശ അസ്ഥാനത്തിലല്ല.

(24 ആഗസ്റ്റ്, 1988)

# 67. കേളപ്പൻ എന്ന പത്രാധിപർ

സ്വാതന്ത്ര്യസമരനേതാവ്, രാഷ്ട്രീയ പ്രവത്തകൻ, ഹരിജനോദ്ധാരകൻ, സത്യാഗ്രഹി, ഗാന്ധിശിഷ്യൻ, സർവോദയപ്രവർത്തകൻ—കേളപ്പനെപ്പറ്റി ചിന്തിക്കുമ്പോൾ, പല ദിശകളിൽ വികസിച്ച അദ്ദേഹത്തിന്റെ സമഗ്രമായ വ്യക്തിത്വത്തിലെ ഓരോ വശങ്ങളാണ്, സ്വന്തം അനുഭവത്തെ ആസ്പദമാക്കി അദ്ദേഹത്തിന്റെ സമകാലികരുടെ ഹൃദയങ്ങളിൽ തെളിഞ്ഞുവരിക. ഇക്കൂട്ട